# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/216/2017 2017 ഒക്ടോബർ 17

## പത്രക്കുറിപ്പ്

### ഇന്നത്തെ സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ

(1) **എം.ജി.യിൽ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ ആക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എലിജിബിലിറ്റി, ഇക്വലൻസി സർട്ടിഫിക്കറ്റുകൾ നവംബർ 1 മുതൽ ഓൺലൈനായി ലഭ്യമാക്കും. അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പി.എഫ്. പെൻഷൻ ഇടപാടുകൾ ഡിജിറ്റലൈസ് ചെയ്ത് ഓൺലൈനാക്കുന്നതിനും സിൻഡിക്കേറ്റ് തീരുമാനമെടുത്തു. സർവ്വകലാശാലാ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും ഇ-പെയ്മെന്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും 2017 – 18 സർവ്വകലാശാലാ ബജറ്റിൽ നിർദ്ദേശിച്ചിരുന്ന പദ്ധതികളുടെ ഭാഗമായാണ് ഇത് നടപ്പാക്കുന്നത്. പരീക്ഷാ ചോദ്യപേപ്പറുകൾ ഓൺലൈനായി വിതരണം ചെയ്യുന്ന പദ്ധതിയും വിജയകരമായി നടപ്പാക്കിയിരുന്നു.

(2) പോസ്റ്റോഫീസുകളിൽ വിദ്യാർത്ഥികളിൽ നിന്നും വിവിധ സർവ്വകലാശാലാ ഫീസുകൾ സ്വീകരിക്കുന്നതിന് തപാൽവകുപ്പുമായി കരാറിലേർപ്പെടുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തി.

(3) സർവ്വകലാശാലാ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി വിദ്യാർത്ഥി പ്രവേശനവും പരീക്ഷകളും നടത്തിയ സ്വയംഭരണ കോളേജുകളായ ചങ്ങനാശ്ശേരി എസ്.ബി., എറണാകുളം സെന്റ് തെരേസാസ്, എറണാകുളം മഹാരാജാസ് എന്നീ കോളേജുകൾക്ക് പത്തുലക്ഷം രൂപ വീതം പിഴ ചുമത്താൻ തീരുമാനിച്ചു.

(4) സർവ്വകലാശാലാ സെർവറിന്റെ പ്രവർത്തനം തകരാറിലാകുന്നതിലേക്ക് നയിച്ച സാഹചര്യം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പരീക്ഷാ കമ്മിറ്റി കൺവീനർ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, പ്രൊഫ. വി.എസ്. പ്രവീൺകുമാർ എന്നിവരടങ്ങുന്ന സിൻഡിക്കേറ്റ് സമിതിയെ ചുമതലപ്പെടുത്തി.

(5) 17 പേർക്ക് പി.എച്ച്.ഡി. നൽകും.

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടറായിരുന്ന ഡോ. വി.സി. ഹാരിസിന്റെ നിര്യാണത്തിൽ സർവ്വകലാശാലാ സിൻഡിക്കേറ്റ് അനുശോചനം രേഖപ്പെടുത്തി. സിൻഡിക്കേറ്റ് യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു.

### എം.ടെക് പോളിമർ സയൻസ് ആന്റ് ടെക്നോളജി സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2017-18ൽ എം.ടെക് പോളിമർ സയൻസ് ആന്റ് ടെക്നോളജിയിൽ ഒഴിവുള്ള മെറിറ്റ് സീറ്റുകളിലേക്ക് പ്രവേശന പരീക്ഷ എഴുതാത്തവരെയും ഉൾപ്പെടുത്തി സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന എം.ടെക് പോളിമർ സയൻസ് ആന്റ് ടെക്നോളജിയുടെ വിജ്ഞാപനപ്രകാരം യോഗ്യതയുള്ളവർ പൂരിപ്പിച്ച അപേക്ഷയും യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും അപേക്ഷാ ഫീസും ലേറ്റ് ഫീസും അടച്ച രസീതുകളും സഹിതം ഒക്ടോബർ 19ന് രാവിലെ 11 മണിക്ക് സർവ്വകലാശാലയിലെ ക്യാപ് സെല്ലിൽ ഹാജരാകണം.

**കോഴ്സ് വർക്ക് പരീക്ഷ മാറ്റി**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ഒക്ടോബർ 16ന് രാവിലെ 10 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് എക്സ്റ്റേണൽ പരീക്ഷ ഒക്ടോബർ 23ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

**അപേക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ എം.ബി.എ. (2016 അഡ്മിഷൻ റഗുലർ/2013 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി, 2012 അഡ്മിഷൻ മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ നവംബർ എട്ടിന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ 30 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 150 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**പരീക്ഷാഫലം**

2017 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ജിയോളജി & വാട്ടർ മാനേജ്മെന്റ് (മോഡൽ 3, 2015 അഡ്മിഷൻ, സി.ബി.സി.എസ്.എസ്., റഗുലർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 31 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ മാല്യങ്കര എസ്.എൻ.എം. കോളേജിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. മലയാളം(റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 23 വരെ അപേക്ഷിക്കാം.

2017 ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നടത്തിയ ബി.ബി.എ. ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 25 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 30 വരെ അപേക്ഷിക്കാം.

**ബാങ്ക് ടെസ്റ്റ് പരിശീലനം**

വിവിധ ബാങ്കുകളിൽ നിയമനത്തിനായി നടത്തുന്ന മത്സരപരീക്ഷകൾക്കുള്ള പരിശീലനം മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**